**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം - 2026</u>

### <u>എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്- ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ/ ഓപ്ഷൻ കൺഫർമേഷൻ ആരംഭിച്ചു.</u>

2026–ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികൾ **27.07.2026 ന്** ആരംഭിച്ചു. ഈ അലോട്ട്മെന്റ് സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ്/സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാനഘട്ട അലോട്ട്മെന്റായിരിക്കും. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന്/പ്രവേശനത്തിന് ശേഷം ഒഴിവുള്ള എഞ്ചിനീയറിംഗ് സീറ്റുകൾ സർക്കാർ കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, സർക്കാർ കോസ്റ്റ് ഷെയറിംഗ്/ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അതാത് കോളേജുകളും സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസ് വ്യവസ്ഥകളും പാലിച്ച് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതായിരിക്കും.

### <u>എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.</u>

മൂന്നാം ഘട്ടത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 27.07.2026 **മുതൽ** 30.07.2026 11.59 PM **വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

### <u>ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓപ്ഷൻ കൺഫർമേഷനും പുന:ക്രമീകരണവും</u>

ആർക്കിടെക്ചർ കോഴ്സിന് മുൻഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരുടെയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുടെയും ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതും ഓപ്ഷനുകൾ പുന:ക്രമീകരിക്കേണ്ടതും ആവശ്യമില്ലാത്തവ റദ്ദാക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 27.07.2026 **മുതൽ** 30.07.2026, 11.59 P M **വരെ** ലഭ്യമാണ്. 30.07.2026 11.59 P M **വരെ** ലഭിക്കുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി താത്കാലിക അലോട്ട്മെന്റ് 3.08.2026 ന് പ്രസിദ്ധീകരിക്കും.

മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകളിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തേണ്ടതും, ആർക്കിടെക്ചർ കോഴ്സിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓപ്ഷൻ കൺഫർമേഷൻ/ പുന:ക്രമീകരണം എന്നിവ നിർബന്ധമായും നടത്തേണ്ടതുമാണ്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും/ ആർക്കിടെക്ചർ കോഴ്സിന് കൺഫർമേഷൻ/പുന:ക്രമീകരണം നടത്താതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്.</u>***

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

എഞ്ചിനീയറിംഗ് പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും, കഴിഞ്ഞ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചിട്ട് അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളും **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

**<u>താൽക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.</u>**

| | |
|---|---|
| 27.07.2026 | എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ / പുന:ക്രമീകരിക്കുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 30.07.2026, 11.59 PM | എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും,ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/പുന:ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |

| | |
|---|---|
| 03.08.2026 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 05.08.2026 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 06.08.2026 to 10.08.2026 | അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം |

**ശ്രദ്ധയ്ക്ക്**

1. എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെയും ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് കൺഫർമേഷൻ നടത്താത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
2. ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്കു അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ആർക്കിടെക്ചർ കോഴ്സിലെ രണ്ടാം ഘട്ട അലോട്ട്മെന്റിനുള്ള ഓപ്ഷൻ കൺഫർമേഷൻ സമയത്ത് അതത് കോളേജുകളിലെ ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുകയും ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുകയും വേണം.
3. **ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാം ഘട്ട അല്ലോട്മെന്റ്:**
   ആർക്കിടെക്ചർ കോഴ്സിന്റെ മൂന്നാം ഘട്ട അലോട്ട്മെന്റിലേക്ക് പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം പിന്നീട് നൽകുന്നതാണ് (ആർക്കിടെക്ചർ കോഴ്സിന്റെ അടുത്ത ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കും). പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in പതിവായി സന്ദർശിക്കേണ്ടതാണ്."

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
Shibu A
Date: 27-07-2026
19:52:27

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27-07-2026